പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.321 | 04.06.2018 ൽ മറുപടിക്ക്

## ഇടുക്കി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് ആകെ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | 2017-2018 പ്ലാൻ പദ്ധതിയിൽ കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ 360 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 210 ലക്ഷം നിർമ്മാണ പ്രവർത്തനത്തിനായി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്കും 150 ലക്ഷം രൂപ യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേയ്ക്കും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് 210 ലക്ഷം രൂപയാണ് പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്ക് നൽകിയിട്ടുള്ളത്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ